■ പാരമ്പര്യ വൈദ്യന്റെ കൊലപാതകം

ദൃശ്യം ലാപ്ടോപ്പിലുണ്ടെന്ന് പൊലീസ് നിഗമനം

- മുഖ്യപ്രതി ഷൈബിന്റെ ഭാര്യയുടെ മൊഴിയെടുത്തു
- വിദേശ ഇടപാടുകളെക്കുറിച്ച് അന്വേഷിക്കാൻ പ്രത്യേക സംഘത്തെ നിയോഗിക്കും

സ്വന്തം ലേഖകൻ

നിലമ്പൂർ

പാരമ്പര്യ വൈദ്യൻ ഷാബാ ഷെരീഫിന്റെ കൊലപാതക ആസൂത്രണങ്ങൾ ഡിജിറ്റലായി ലാപ്ടോപ്പിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് പൊലീസിന്റെ നിഗമനം. കൊലപാതകം നേരിട്ട് ചിത്രീകരിച്ച ദൃശ്യങ്ങൾക്കൊപ്പം കൊലപാതകം ആസൂത്രണംചെയ്തതിന്റെ വാട്സാപ് സന്ദേശങ്ങളും ലാപ്ടോപ്പിലുണ്ടെന്ന് പൊലീസിന് വിവരം ലഭിച്ചു.

കഴിഞ്ഞമാസം കേസിലെ മുഖ്യപ്രതി മുക്കട്ടയിലെ ഷൈബിൻ അഷറഫിന്റെ വീട്ടിൽ കയറിയ സംഘം ലാപ്ടോപ്പും ഡിജിറ്റൽ ഉപകരണങ്ങളുമാണ് പ്രധാനമായും കവർന്നത്. ഷൈബിൻ അഷറഫ് നിലമ്പൂർ പൊലീസിൽ നൽകിയ പരാതിയിലും ലാപ്ടോപ്പ് നഷ്ടപ്പെട്ട കാര്യം സൂചിപ്പിക്കുന്നുണ്ട്. പ്രതികളിലൊരാളായ നൗഷാദിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ, ലാപ്ടോപ്പിൽനിന്ന് നീക്കംചെയ്ത ഡിലീറ്റഡ് വീഡിയോ ദൃശ്യങ്ങളും ഓഡിയോകളും തിരിച്ചെടുക്കാൻ പൊലീസ് നടപടി തുടങ്ങി.

മുഖ്യപ്രതി ഷൈബിൻ അഷറഫിന്റെ ഭാര്യയുടെ മൊഴിയും പൊലീസ് രേഖപ്പെടുത്തി. ഷൈബിന്റെ വിദേശ ഇടപാടുകളെക്കുറിച്ച് ഭാര്യയുടെ മൊഴിയിൽനിന്ന് കൂടുതൽ തെളിവ് ലഭിച്ചു. ഷൈബിന്റെ ആഡംബര ജീവിതം സംബന്ധിച്ച് പൊലീസ് കൂടുതൽ അന്വേഷണത്തിലേക്ക് കടന്നു. വിദേശത്തുള്ള വ്യാപാരങ്ങളെക്കുറിച്ച് അന്വേഷിക്കാൻ പ്രത്യേക സംഘത്തെ നിയോഗിക്കും. പത്തുവർഷംകൊണ്ട് മുന്നൂറ് കോടിയിലധികം രൂപയുടെ ആസ്തിയാണ് ഷൈബിനുള്ളത്. നിലമ്പൂർ മുക്കട്ടയിലെ വീട് രണ്ട് കോടിക്കാണ് വാങ്ങിയത്. ബത്തേരിയിലും രണ്ട് വീടുകളും താമരശേരി ഈങ്ങാപ്പുഴയിൽ ബിസിനസ് പ്രോജക്ടുമുണ്ട്.

പ്രതി നൗഷാദ് പൊലീസ് കസ്റ്റഡിയിൽ

മഞ്ചേരി

പാരമ്പര്യ വൈദ്യൻ ഷാബാ ഷെരീഫ് കൊലക്കേസിലെ പ്രതി കൈപ്പഞ്ചേരി സ്വദേശി തങ്ങളകത്ത് നൗഷാദിനെ അന്വേഷക സംഘം മഞ്ചേരി കോടതിയിൽ ഹാജരാക്കി അഞ്ച് ദിവസത്തേക്ക് കസ്റ്റഡിയിൽ വാങ്ങി. വെള്ളിയാഴ്ച പ്രതിയുമായി തെളിവെടുപ്പ് നടത്തും.

നൗഷാദ്

ഷൈബിന്റെ ക്രൂരതകൾക്ക് സംരക്ഷകരായത് ലീഗ് നേതാക്കൾ

ബത്തേരി

കർണാടക സ്വദേശിയായ ഒറ്റമൂലി വൈദ്യനെ ഒന്നരവർഷത്തോളം സ്വന്തം വീട്ടിൽ തടങ്കലിൽ പാർപ്പിച്ചശേഷം മൃഗീയമായി കൊലപ്പെടുത്തിയ കേസിൽ നിലമ്പൂരിൽ അറസ്റ്റിലായ മുക്കട്ട കൈപ്പഞ്ചേരി ഷൈബിന് എന്നും തണലായത് മുസ്ലിംലീഗ്. മുമ്പ് ബത്തേരി കേന്ദ്രീകരിച്ചായിരുന്നു ഷൈബിന്റെ അധോലോക പ്രവർത്തനങ്ങൾ. നിരവധി കേസുകളിൽ ഉൾപ്പെട്ട ഇയാളെ രക്ഷിച്ചത് മുസ്ലിംലീഗ് നേതൃത്വമാണ്. ഒറ്റമൂലി വൈദ്യന്റെ കൊലപാതകത്തിൽ ഷൈബിനൊപ്പം അറസ്റ്റിലായ മറ്റ് നാലു പേരും ബത്തേരിയിൽ ലീഗിന്റെയും എസ്ടിയുവിന്റെയും പ്രവർത്തകരാണ്.

വിവാഹംമുതലാണ് ഷൈബിൻ ലീഗ് നേതൃത്വവുമായി അടുക്കുന്നത്. മേപ്പാടി സ്വദേശിനിയെ തട്ടിക്കൊണ്ടുപോയി വിവാഹം കഴിക്കുകയായിരുന്നു. ഈ കേസ് ലീഗ് നേതാക്കളെ ഉപയോഗിച്ചാണ് അന്ന് ഒത്തുതീർത്തത്. ലക്ഷങ്ങളാണ് ബത്തേരിയിൽനിന്നുള്ള ജില്ലയിലെ രണ്ട് നേതാക്കൾക്ക് അന്ന് ഷൈബിൻ നൽകിയത്. ഇവർ പിന്നീട് ഷൈബിനുമൊത്ത് കർണാടകയിൽ ഇഞ്ചികൃഷിയിൽ പങ്കാളികളായി.

ബത്തേരിയിൽ ഗുണ്ടാപ്രവർത്തനത്തിനിടെ ഏഴുവർഷംമുമ്പ് ദൊട്ടപ്പൻകുളം സ്വദേശിയായ പുതിയ വീട്ടിൽ ദീപേഷിനെ അർധരാത്രി വീട്ടിൽനിന്ന് മാതാപിതാക്കളും സഹോദരനും നോക്കിനിൽക്കേ ഗുണ്ടകളെ ഉപയോഗിച്ച് തട്ടിക്കൊണ്ടുപോയി ഷൈബിന്റെ പുത്തൻകുന്നിലുള്ള പണി പൂർത്തിയാകാത്ത വീട്ടിൽവച്ച് ക്രൂരമായി മർദിച്ചവശനാക്കി വഴിയിൽ ഉപേക്ഷിച്ചിരുന്നു. കൈകാലുകൾ ഒടിഞ്ഞ യുവാവ് ഏറെക്കാലം ചികിത്സയിലാമായി. ഈ കേസിലും രക്ഷകരായത് ലീഗ് നേതൃത്വംതന്നെ. മർദനത്തിനിരയായ ദീപേഷ് പിന്നീട് ദുരൂഹ സാഹചര്യത്തിൽ കർണാടകയിലെ കുട്ടയിൽ മരിച്ചു.

പ്രമുഖ ലീഗ് നേതാവ് മന്ത്രിയായിരിക്കെ പേഴ്സണൽ സ്റ്റാഫിൽ അംഗമായിരുന്നു ഷൈബിന്റെ പിതൃസഹോദരൻ. മസ്ലിംലീഗ് നേതൃത്വവുമായി കൂടുതൽ അടുക്കുന്നതിന് ഈ ബന്ധുത്വവും കാരണമായി. ഇതിനിടെ, ലീഗിന്റെ ജില്ലയിലെ ഉന്നത നേതാവായ നായ്ക്കട്ടി സ്വദേശി ഷൈബിനിൽനിന്ന് രണ്ടുകോടി രൂപ ഇഞ്ചികൃഷിക്കും കുരുമുളക് തോട്ടം പാട്ടത്തിനെടുക്കാനും വായ്പയായി വാങ്ങി കബളിപ്പിച്ചു. മറ്റ് രണ്ട് ലീഗ് നേതാക്കളും ഈ ഇടപാടിൽ പങ്കാളികളാണ്. ഇതോടെ ലീഗ് നേതാവിനെ വകവരുത്താനും ഷൈബിൻ പദ്ധതിയിട്ടു. ഇയാളെ വാഹനാപകടത്തിലൂടെ കൊലപ്പെടുത്താനാണ് ഷൈബിൻ പദ്ധതിയിട്ടതെന്ന് നേരത്തെ അറസ്റ്റിലായ ഷൈബിന്റെ കൂട്ടാളികൾ അന്വേഷക സംഘത്തിന് മൊഴിനൽകിയിട്ടുണ്ട്.

കൂടുതൽ കൊലപാതകമെന്ന് സൂചന

നിലമ്പൂർ

അബുദാബിയിലെ ബിസിനസ് പങ്കാളിയും സുഹൃത്തുമായ മുക്കം മലയമ്മ സ്വദേശി ഹാരിസിന്റെ മരണത്തിൽ ഷൈബിൻ അഷറഫിന് പങ്കുണ്ടോയെന്ന് സംശയം. ഇതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം ജില്ലക്ക് പുറത്തേക്കും വ്യാപിപ്പിക്കും. 2020 മാർച്ചിലാണ് ഹാരിസ് അബുദാബിയിലെ ഫ്ലാറ്റിൽ ദുരൂഹ സാഹചര്യത്തിൽ മരിച്ചത്. ഹാരിസിനെ കൂടാതെ തൃശൂർ കുന്നംകുളത്തെ യുവാവിന്റെ അപകടമരണത്തിലും എറണാകുളം സ്വദേശിനിയുടെ മരണത്തിലും ഷൈബിന് പങ്കുണ്ടെന്ന സംശയത്തിലാണ് പൊലീസ്. മൂന്ന് മരണങ്ങളുടെയും വിശദാംശങ്ങൾ അന്വേഷക സംഘം ശേഖരിക്കും.

ബത്തേരിയിലെ പ്രാദേശിക കായികമത്സരത്തിനിടെ അക്രമം നടത്തിയതിൽ ബത്തേരി പൊലീസ് ഷൈബിനെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. തിരുവനന്തപുരത്ത് സെക്രട്ടറിയറ്റിനുമുന്നിൽ ആത്മഹത്യാഭീഷണി മുഴക്കിയ കവർച്ചാക്കേസ് പ്രതികൾ ഗൾഫിലെ രണ്ട് കൊലപാതകങ്ങളിൽ ഷൈബിന് പങ്കുണ്ടെന്ന് വെളിപ്പെടുത്തിയിരുന്നു. ലഭിച്ച വിവരങ്ങൾ അബുദാബി പൊലീസിന് കൈമാറും.

കണ്ണടച്ചുതുറക്കുംമുന്നേ പണക്കാരനായി

ബത്തേരി

ഷൈബിന്റെ സാമ്പത്തിക വളർച്ചയുടെ വഴി അറിയാതെ നാട്ടുകാർ. ഉമ്മയുടെ വീട് മീനങ്ങാടിയിലും ബാപ്പ നിലമ്പൂർ സ്വദേശിയുമാണ്. ഉമ്മയോടൊപ്പം ബീനാച്ചിയിൽ വാടക ക്വാർട്ടേഴ്സിലായിരുന്നു താമസം. കംപ്യൂട്ടർ പഠനത്തിനുശേഷം 12 വർഷം മുമ്പ് ഗൾഫിലേക്ക് പോയ ഷൈബിൻ രണ്ടുവർഷം കഴിഞ്ഞ് തിരിച്ചെത്തിയത് കൈനിറയെ പണവുമായാണ്.

തുടർന്ന് പുത്തൻകുന്നിൽ 70 സെന്റ് സ്ഥലം വാങ്ങി കൊട്ടാരസദൃശമായ വീടുപണി തുടങ്ങി. അതിനിടെ ബാപ്പയുടെ സ്വദേശമായ നിലമ്പൂരിൽ ആഡംബര വീട് വാങ്ങി താമസം അങ്ങോട്ട് മാറ്റി. ഗൾഫിൽ മയക്കുമരുന്ന് കേസിൽ ജയിലിലായതോടെ പുത്തൻകുന്നിലെ വീടുപണി പാതിവഴിയിലായി. ജയിൽമോചിതനായ ശേഷം വീണ്ടും യുഎഇയിൽ ബിസിനസ് സജീവമായി. ഗൾഫിൽ 'സ്റ്റാർ വൺ ഡീസൽ' എന്ന എണ്ണക്കമ്പനിയുടെ ഉടമയാണെന്നാണ് നാട്ടിലുള്ള സുഹൃത്തുക്കളോട് പറഞ്ഞത്.

ഗൾഫ് കേന്ദ്രീകരിച്ചും അധോലോക പ്രവർത്തനം നടത്തിയ ഇയാൾക്ക് ബത്തേരി പൊലീസ് സ്റ്റേഷനിൽ മുമ്പ് ജോലിയെടുത്ത കോളേരി സ്വദേശിയായ പൊലീസ് ഉദ്യോഗസ്ഥനാണ് എല്ലാ ഒത്താശയും ചെയ്തത്. പിന്നീട് ഈ പൊലീസുകാരനെ അവധിയെടുപ്പിച്ച് ഷൈബിൻ ഗൾഫിലയച്ചു.

ജോലിയിൽനിന്ന് അടുത്ത് വിരമിച്ച പൊലീസുകാരനാണ് ഷൈബിന്റെ ബത്തേരിയിലെ സാമ്പത്തിക ഇടപാടുകൾ പ്രധാനമായും കൈകാര്യം ചെയ്യുന്നത്.

പണി തീരാത്ത ഭാർഗവീനിലയം

ബത്തേരി

പുത്തൻകുന്നിൽ ഷൈബിൻ പണിയുന്ന പതിനായിരം ചതുരശ്ര അടിയുള്ള വീടിനെക്കുറിച്ചും ദുരൂഹത. എട്ടുവർഷം മുമ്പാണ് 70 സെന്റ് സ്ഥലം വിലയ്ക്കുവാങ്ങി വീട് നിർമാണം തുടങ്ങിയത്.

നീന്തൽക്കുളം ഉൾപ്പെടെ അത്യാധുനിക സംവിധാനങ്ങളുള്ള വീടും പരിസരവും നിർമാണഘട്ടം മുതൽ സിസിടിവി നിരീക്ഷണത്തിലാണ്. ഷൈബിന്റെ ആഡംബര കാറുകൾ ഉൾപ്പെടെ പണിനടക്കുന്ന ഈ വീടിന്റെ രണ്ട് ഭാഗത്തായുള്ള കാർഷെഡ്ഡിലാണ്. ഇയാൾ ക്വട്ടേഷൻ പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചിരുന്നത് ഈ വാഹനങ്ങൾ ആണെന്നാണ് വിവരം.

കഴിഞ്ഞ മാസം വരെ ഇവിടെ നിർമാണ പ്രവർത്തനം നടന്നിരുന്നു. ഇയാളുടെ ക്വട്ടേഷൻ ടീം കഴിഞ്ഞ മാസം അറസ്റ്റിലായതോടെയാണ് ഇടക്കാലത്ത് നിർമാണം നിലച്ചത്. എതിരാളികളെ ഈ വീട്ടിൽ കൊണ്ടുവന്ന് മർദിച്ചതായി സൂചനയുണ്ട്. വീട്ടിൽ പ്രത്യേക ഇടിമുറി തന്നെ ഇതിനായി സജ്ജീകരിച്ചതായാണ് സൂചന. ആറ് വർഷം മുമ്പ് ബീനാച്ചി സ്വദേശിയായ യുവാവിനെ ഈ വീട്ടിൽവച്ചാണ് കൈകാലുകൾ തല്ലിയൊടിച്ച് കാപ്പിത്തോട്ടത്തിൽ ഉപേക്ഷിച്ചത്.

പഴയ ആഡംബര വാഹനങ്ങളാണ് ഷൈബിന് പ്രിയം. മേഴ്സിഡസ് ബെൻസ് ഉൾപ്പെടെയുള്ള വൻകിട കമ്പനികളുടെ വാഹനങ്ങൾ ഇവിടെയുണ്ട്. ഗൾഫിൽനിന്ന് വന്നശേഷം രണ്ടുതവണ ഈയടുത്ത് ഷൈബിൻ ഇവിടെ വന്നിരുന്നതായാണ് വിവരം. കഴിഞ്ഞ മാസം അറസ്റ്റിലായ ക്വട്ടേഷൻ സംഘമാണ് ഇവിടെ നിർമാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ചിരുന്നത്. ഇവർ പിടിയിലായതോടെ ഗേറ്റ് പൂട്ടിയ നിലയിലാണ്.

ഷൈബിൻ ബത്തേരി പുത്തൻകുന്നിൽ നിർമിക്കുന്ന ആഡംബര വീടും ഔട്ട് ഹൗസുകളും

സാഹിത്യ സംഘം ശിൽപ്പശാല സമാപിച്ചു

തിരുവനന്തപുരം

വിദ്വേഷത്തിനും വിഭജനത്തിനുമെതിരെ സാംസ്കാരിക കേരളം എന്ന വിഷയം കേന്ദ്രീകരിച്ച് പുരോഗമന കലാസാഹിത്യ സംഘം സംഘടിപ്പിച്ച സംസ്ഥാന ശിൽപ്പശാല സമാപിച്ചു. രണ്ട് ദിവസമായി ഇ എം എസ് അക്കാദമിയിൽ നടന്ന ക്യാമ്പിൽ 250 പ്രതിനിധികൾ പങ്കെടുത്തു.

രണ്ടാം ദിവസത്തെ ആദ്യ സെഷനിൽ ഡോ. കെ എം അനിൽ (സമകാലിക കേരളീയ ജീവിതത്തിന്റെ അകവും പുറവും), ഡോ. കെ എസ് രവികുമാർ (കലയും ജനാധിപത്യവും), ഡോ. എം എ സിദ്ദിഖ് (മതേതരത്വത്തിന്റെ ഇടങ്ങൾ സമൂഹത്തിലും കലയിലും), പ്രൊഫ. എ ജി ഒലീന (നവോത്ഥാനവും മനുഷ്യബന്ധങ്ങളും) എന്നിവർ സംസാരിച്ചു. പി എൻ സരസമ്മ, ഡോ. ജിനേഷ് കുമാർ എരമം, എ ഗോകുലേന്ദ്രൻ, ബഷീർ ചുങ്കത്തറ എന്നിവർ മോഡറേറ്ററായി.

സമാപന സമ്മേളനത്തിൽ സംസ്ഥാന പ്രസിഡന്റ് ഷാജി എൻ കരുൺ അധ്യക്ഷനായി. സ്വാഗതസംഘം ചെയർമാൻ പ്രൊഫ. വി എൻ മുരളി, സംസ്ഥാന ജനറൽ സെക്രട്ടറി അശോകൻ ചരുവിൽ, സംസ്ഥാന ട്രഷറർ ടി ആർ അജയൻ, സംസ്ഥാന സംഘടനാ സെക്രട്ടറി എം കെ മനോഹരൻ എന്നിവർ സംസാരിച്ചു.

മതസമ്മേളനങ്ങൾ സമാധാനം തകർക്കുന്നു: കോടതി

ന്യൂഡൽഹി

മതസമ്മേളനത്തിലൂടെ രാജ്യത്തെ സമാധാനം തകർക്കുന്നുവെന്ന് സുപ്രീംകോടതി. ഹരിദ്വാർ മതസമ്മേളനത്തിലെ വിദ്വേഷപ്രസംഗക്കേസിൽ അറസ്റ്റിലായ ജിതേന്ദ്ര ത്യാഗിയുടെ ജാമ്യാപേക്ഷ പരിഗണിക്കവെയാണ് ഡിവിഷൻ ബെഞ്ചിന്റെ പരാമർശം. ജസ്റ്റിസുമാരായ അജയ് റസ്തോഗി, വിക്രം നാഥ് എന്നിവരടങ്ങിയ ഡിവിഷൻബെഞ്ച് പ്രതിയ്ക്ക് ജാമ്യം നൽകിയില്ല. ഉത്തരാഖണ്ഡ് സർക്കാരിനോട് കേസിൽ സത്യവാങ്മൂലം സമർപ്പിക്കാൻ കോടതി നിർദേശിച്ചു.

മറ്റുള്ളവരെ ബോധവൽക്കരിക്കുന്നതിനു പകരം സ്വയം നന്നാകണമെന്ന് കോടതി ഹർജിക്കാരനോട് പറഞ്ഞു. മതസമ്മേളനം നടത്തുന്നവർക്ക് ബോധമില്ല. അവർ അന്തരീക്ഷമാകെ നശിപ്പിക്കുന്നു. സമാധാനത്തോടെയുള്ള ജീവിതമാണ് വേണ്ടതെന്നും ജസ്റ്റിസ് അജയ് റസ്തോഗി പറഞ്ഞു.

■ സ്കൂൾ മാന്വൽ

അധ്യാപകർ സ്വകാര്യ ട്യൂഷൻ എടുക്കുന്നില്ലെന്ന് ഉറപ്പാക്കണം

- പിടിഎയ്ക്ക് പുറമെ എസ്എംസിയും രണ്ട് വർഷത്തിലൊരിക്കൽ പുനഃസംഘടിപ്പിക്കണം
- പിടിഎ ഫണ്ടിൽ 15 ശതമാനം സ്കൂൾ ലൈബ്രറികൾക്ക് നൽകണം

സ്വന്തം ലേഖകൻ

തിരുവനന്തപുരം

പൊതുവിദ്യാലയങ്ങളിലെ അധ്യാപകർ സ്വകാര്യ ട്യൂഷൻ എടുക്കുന്നില്ലെന്ന് ഉറപ്പാക്കേണ്ട ചുമതല സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾക്ക് (എസ്എംസി). കരട് സ്കൂൾ പ്രവർത്തന മാന്വലിലാണ് സ്കൂൾ പിടിഎയ്ക്ക് പുറമെ എസ്എംസികളുടെയും പ്രവർത്തന ലക്ഷ്യങ്ങൾ വിശദീകരിക്കുന്നത്.

അൺ എയ്ഡഡ് സ്കൂളുകൾ ഒഴികെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പിടിഎയ്ക്ക് പുറമെ എസ്എംസിയും രൂപീകരിക്കണം. രണ്ട് വർഷത്തിലൊരിക്കൽ ഈ കമ്മിറ്റികൾ പുനഃസംഘടിപ്പിക്കണം. സ്ഥലത്തെ തദ്ദേശ സ്വയംഭരണ സ്ഥാപന ജനപ്രതിനിധി, അധ്യാപക പ്രതിനിധി എന്നിവർ അംഗങ്ങളായിരിക്കണം. കമ്മിറ്റിയിൽ 50 ശതമാനം വനിതകളായിരിക്കണം. സ്കൂളുകളിൽ കൊഴിഞ്ഞുപോക്ക് തടയാനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകണം, ഉച്ചഭക്ഷണ പദ്ധതി അവലോകനം ചെയ്യൽ, സ്കൂൾ വികസന പദ്ധതികൾ തയ്യാറാക്കൽ എന്നിവ എസ്എംസിയിൽ നിക്ഷിപ്തമായിരിക്കും.

സ്കൂൾ പിടിഎയിൽ രക്ഷിതാക്കളുടെ എണ്ണം അധ്യാപകരുടെ എണ്ണത്തേക്കാൾ ഒന്നു കൂടുതലാകണം. അധ്യാപക, രക്ഷാകർതൃ പ്രതിനിധികളിൽ പകുതി വീതം സ്ത്രീകളാകണം. മാസത്തിലൊരിക്കലെങ്കിലും പിടിഎ എക്സിക്യൂട്ടീവ് കമ്മിറ്റി ചേർന്നിരിക്കണം. രക്ഷിതാക്കളിൽനിന്ന് പിടിഎ സ്വരൂപിക്കുന്ന ഫണ്ട് വിദ്യാർഥി ക്ഷേമത്തിന് മാത്രമേ ഉപയോഗിക്കാവൂ. ഓരോ വർഷവും ശേഖരിക്കുന്ന പിടിഎ ഫണ്ടിൽനിന്ന് 15 ശതമാനം തുക സ്കൂൾ ലൈബ്രറികൾക്ക് നൽകണം. ഒരു പിടിഎ പ്രസിഡന്റിന്റെ പരമാവധി കാലാവധി മൂന്ന് വർഷമായിരിക്കുമെന്നും കരട് സ്കൂൾ പ്രവർത്തന മാന്വലിൽ വിശദീകരിക്കുന്നു.

നിലവിൽ സ്കൂൾ പ്രവേശനത്തിന് തുടരുന്ന അഞ്ച് വയസ്സ്, അധ്യാപക– വിദ്യാർഥി അനുപാതം തുടങ്ങി കെഇആർ, ദേശീയ വിദ്യാഭ്യാസ അവകാശനിയമം, വിവിധ കോടതി ഉത്തരവുകൾ എന്നിവയിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല. നിലവിലെ നിയമങ്ങളെല്ലാം അധ്യാപകർക്കും രക്ഷിതാക്കൾക്കും പൊതുവിദ്യാഭ്യാസ തൽപ്പരരായ എല്ലാവർക്കും പെട്ടെന്ന് ഗ്രഹിച്ചെടുക്കാൻ കഴിയും വിധം ക്രോഡീകരിച്ചതാണ് സ്കൂൾ മാന്വലെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് അധികൃതർ അറിയിച്ചു.

■ സമസ്തയെ വിമർശിച്ച് ഗവർണർ

ഇസ്ലാമിനെ മറ്റുള്ളവരുടെ മുമ്പിൽ മോശക്കാരാക്കുന്ന പ്രതികരണം

തിരുവനന്തപുരം

ഉപഹാരം വാങ്ങിക്കാനായി വേദിയിലെത്തിയ വിദ്യാർഥിനിയെ സമസ്ത നേതാക്കൾ അപമാനിച്ചത് ശരിയായില്ലെന്ന് ഗവർണർ ആരിഫ് മൊഹമ്മദ് ഖാൻ. ഇത്തരം പ്രതികരണങ്ങളാണ് ഇസ്ലാമിനെ മറ്റുള്ളവരുടെ മുമ്പിൽ മോശക്കാരാക്കുന്നതും 'ഇസ്ലാമോഫോബിയ' ഉണ്ടാക്കുന്നതും. വിദ്യാഭ്യാസമുള്ള പെൺകുട്ടികളെയടക്കം നാലു ചുവരിനുള്ളിൽ തളയ്ക്കാനാണ് ഇത്തരക്കാരുടെ ശ്രമം. ഇവർക്ക് മേൽക്കൈ കിട്ടിയാൽ തന്റെ കുടുംബത്തിലെയടക്കം സ്ത്രീകളിലും അവരുടെ താൽപ്പര്യം അടിച്ചേൽപ്പിക്കും. മികച്ച വിദ്യാഭ്യാസ നിലവാരവും സാമൂഹ്യബോധവുമുള്ള കേരളംപോലൊരു സ്ഥലത്തുനിന്ന് ഇത്തരം നടപടിക്കെതിരെ കൂടുതൽ പ്രതികരണം പ്രതീക്ഷിച്ചെന്നും ഗവർണർ മാധ്യമങ്ങളോട് പറഞ്ഞു.

ബാലാവകാശ കമീഷൻ കേസെടുത്തു

തിരുവനന്തപുരം

വിദ്യാഭ്യാസ നേട്ടത്തിന് ഉപഹാരം വാങ്ങാനെത്തിയ പെൺകുട്ടിയെ സമസ്തയുടെ വേദിയിൽ വിലക്കിയ സംഭവത്തിൽ ബാലാവകാശ കമീഷൻ സ്വമേധയാ കേസെടുത്തു. സമസ്ത സെക്രട്ടറിക്ക് കമീഷൻ നോട്ടീസയച്ചു. ജില്ലാ ശിശുസംരക്ഷണ ഓഫീസറോടും പൊലീസിനോടും റിപ്പോർട്ട് തേടി. പെൺകുട്ടിയെ അപമാനിച്ചത് ബാലാവകാശത്തിന്റെ ലംഘനമാണെന്ന് കമീഷൻ ചൂണ്ടിക്കാട്ടി.

മലപ്പുറം പെരിന്തൽമണ്ണ പനങ്കാങ്കരയ്ക്കടുത്തുള്ള മദ്രസാ വാർഷിക പരിപാടിയിലാണ് പത്താംക്ലാസുകാരി പുരസ്കാരം വാങ്ങാനെത്തിയപ്പോൾ സമസ്ത നേതാവ് സ്ത്രീവിരുദ്ധ പരാമർശം നടത്തിയത്.

വൈറോളജി ലാബ് വേഗത്തിലാക്കാൻ നടപടി: മന്ത്രി വീണാ ജോർജ്

> നിപാക്കെതിരെ പൊതുജാഗ്രതയുണ്ടാവുകയും നിലവിലുള്ള പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്യാനാണ് ശിൽപ്പശാല

സ്വന്തം ലേഖിക

കോഴിക്കോട്

ഗവ. മെഡിക്കൽ കോളേജിൽ വൈറോളജി ലാബ് നിർമാണം വേഗത്തിലാക്കാൻ നടപടിയെടുക്കുമെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. ഇതിനായി കേന്ദ്ര പൊതുമരാമത്ത് വകുപ്പിൽ സമ്മർദം ചെലുത്തും. നിപാ: അനുഭവവും പഠനവും' എന്ന വിഷയത്തിൽ വെള്ളിമാടുകുന്ന് ജെൻഡർ പാർക്കിൽ നടന്ന ശിൽപ്പശാല ഉദ്ഘാടനംചെയ്യുകയായിരുന്നു മന്ത്രി.

നിപാ, കോവിഡ് തുടങ്ങിയ പകർച്ചവ്യാധികളുടെ പ്രതിരോധത്തിനായി നിസ്തുല സേവനം കാഴ്ചവച്ച ആരോഗ്യപ്രവർത്തകരുടെ അത്യധ്വാനത്തെ അഭിനന്ദിക്കുന്നു. 2018ൽ സംസ്ഥാനത്ത് ആദ്യമായി കോഴിക്കോട്ട് നിപാ റിപ്പോർട്ട് ചെയ്യപ്പെടുമ്പോൾ ഇതിനെക്കുറിച്ച് കൃത്യമായ ധാരണയുണ്ടായിരുന്നില്ല. പിന്നീട് 2019 ലും 2021ലും നിപാ ബാധിതരുണ്ടായെങ്കിലും മികച്ച പ്രതിരോധത്തിലൂടെ വ്യാപനമില്ലാതാക്കാനായി. സിസ്റ്റർ ലിനി ഉൾപ്പെടെയുള്ള ആരോഗ്യപ്രവർത്തകരുടെ ഓർമയ്ക്ക് മുന്നിൽ സ്മരണാഞ്ജലി അർപ്പിക്കുന്നതായും മന്ത്രി പറഞ്ഞു.

നിപാക്കെതിരെ പൊതുജാഗ്രതയുണ്ടാവുകയും നിലവിലുള്ള പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്യാനാണ് ശിൽപ്പശാല സംഘടിപ്പിച്ചത്. ആവശ്യമുള്ള തുടർപ്രവർത്തനങ്ങളെക്കുറിച്ചും ചർച്ചചെയ്തു. പകർച്ചവ്യാധികൾക്കെതിരായ മുന്നൊരുക്കങ്ങൾ, ഉറവിടങ്ങൾ, തയ്യാറെടുപ്പുകൾ, സ്വീകരിച്ച നടപടികളും പ്രതിരോധ പ്രവർത്തനങ്ങളും എന്നിവ ചർച്ചചെയ്തു.

തോട്ടത്തിൽ രവീന്ദ്രൻ എംഎൽഎ അധ്യക്ഷനായി. മന്ത്രി പി എ മുഹമ്മദ് റിയാസ് ഓൺലൈനിൽ പങ്കെടുത്തു. മന്ത്രി എ കെ ശശീന്ദ്രൻ മുഖ്യാതിഥിയായി. അഡീഷണൽ ചീഫ് സെക്രട്ടറി ആശാ തോമസ്, ആരോഗ്യ കുടുംബ ക്ഷേമവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. രാജൻ എൻ ഖോബ്രഗഡെ, ആരോഗ്യകേരളം സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. രത്തൻ ഖേൽക്കർ, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ഡോ. എ കൗശിഗൻ, കലക്ടർ ഡോ. എൻ തേജ് ലോഹിത് റെഡ്ഡി, ആരോഗ്യ വിദ്യാഭ്യാസ ജോയിന്റ് ഡയറക്ടർ ഡോ. തോമസ് മാത്യു, ഗവ. മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. സജിത്ത് എന്നിവർ സംസാരിച്ചു. ആരോഗ്യവകുപ്പ് ഡയറക്ടർ ഇൻ ചാർജ് ഡോ. വി ആർ രാജു സ്വാഗതവും ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. വി ഉമ്മർ ഫാറൂഖ് നന്ദിയും പറഞ്ഞു.

നിപാ പ്രതിരോധ ശിൽപ്പശാല ജെൻഡർ പാർക്കിൽ മന്ത്രി വീണാ ജോർജ് ഉദ്ഘാടനംചെയ്യുന്നു. മന്ത്രി എ കെ ശശീന്ദ്രൻ സമീപം

കടന്നുപോയത് നഴ്സുമാരുടെ പ്രാധാന്യം തിരിച്ചറിഞ്ഞ നാളുകൾ: മുഖ്യമന്ത്രി

സ്വന്തം ലേഖിക

തിരുവനന്തപുരം

ആരോഗ്യരംഗത്ത് നഴ്സുമാരുടെ പ്രാധാന്യവും പ്രസക്തിയും വലിയ തോതിൽ തിരിച്ചറിഞ്ഞ കാലമായിരുന്നു കോവിഡ്കാലമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. തിരുവനന്തപുരത്ത് സംഘടിപ്പിച്ച സംസ്ഥാനതല നഴ്സസ് ദിനാചരണം ഓൺലൈനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്തെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ മുന്നണിപ്പോരാളികളായ നഴ്സുമാരുടെ സ്ഥായിയായ ഐക്യം വളർത്തിയെടുക്കാൻ ഇത്തരം ആഘോഷങ്ങൾക്ക് കഴിയട്ടെയെന്നും അദ്ദേഹം ആശംസിച്ചു.

കേരളത്തിന്റെ അഭിമാനമായ നഴ്സുമാർക്ക് ആരോഗ്യമന്ത്രി വീണാ ജോർജും ഓൺലൈനിൽ ആശംസ നേർന്നു. കോവിഡ് കാലത്തും അതിനുമുമ്പും കേരളത്തിന്റെ ആരോഗ്യമേഖലയെ ദേശീയതലത്തിലും ആഗോളതലത്തിലും പ്രശസ്തമാക്കിയതിൽ സംസ്ഥാനത്തെ ഒരോ നഴ്സുമാരുടെയും പങ്ക് വിസ്മരിക്കാനാകാത്തതാണെന്ന് മുൻ ആരോഗ്യമന്ത്രി കെ കെ ശൈലജ മുഖ്യപ്രഭാഷണത്തിൽ പറഞ്ഞു. അഡീഷണൽ ഡിഎച്ച്എസ് ഡോ. കെ ജെ റീന അധ്യക്ഷയായി.ലോക നഴ്സസ് വാരാഘോഷം മെയ് അഞ്ചിനാണ് തുടക്കമായത്.

■ മാനനഷ്ടക്കേസ് തള്ളി

ഹൈബി ഈഡൻ മാപ്പ് പറയണം: ഡിവൈഎഫ്ഐ

> തള്ളിയത് ഡിവൈഎഫ്ഐ അപകീർത്തികരമായ പ്രചാരണം നടത്തിയെന്നാരോപിച്ച് നൽകിയ കേസ്

തിരുവനന്തപുരം

മാനനഷ്ടക്കേസ് കോടതി തള്ളിയ സാഹചര്യത്തിൽ ഹൈബി ഈഡൻ എംപി മാപ്പു പറയണമെന്ന് ഡിവൈഎഫ്ഐ സംസ്ഥാന സെക്രട്ടറിയറ്റ് ആവശ്യപ്പെട്ടു. സോളാർ കേസിൽ ആരോപണവിധേയയായ സ്ത്രീയെയും ഹൈബി ഈഡനെയും ചേർത്ത് ഡിവൈഎഫ്ഐ അപകീർത്തികരമായ പ്രചാരണം നടത്തിയെന്നായിരുന്നു കേസ്.

വാദിയും സാക്ഷിയും നൽകിയ മൊഴി വിശ്വാസയോഗ്യമല്ലെന്ന് കണ്ടെത്തിയാണ് എറണാകുളം അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതി കേസ് തള്ളിയത്.

സോളാർ കേസിൽ ഗുരുതര സ്വഭാവമുള്ള ലൈംഗികപീഡന പരാതിയാണ് ഹൈബിക്കെതിരെയുള്ളത്. ഡിവൈഎഫ്ഐക്കെതിരായ പരാതിയിൽ കഴമ്പില്ലാത്തതാണെന്ന് കണ്ട് കോടതി തള്ളിയ സാഹചര്യത്തിൽ ആരോപണം പിൻവലിച്ച് ഹൈബി ഈഡൻ മാപ്പു പറയണമെന്നും പ്രസ്താവനയിൽ ആവശ്യപ്പെട്ടു.